بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 27-10-2023 ഖുത്‌ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**
**യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## തിരുനബി ചരിത്രം: ബദ്ർ യുദ്ധാനന്തര സംഭവങ്ങൾ തുടർച്ച, ബനു ഖൈനുഖ യുദ്ധം, ഹമാസ്- ഇസ്രായേൽ യുദ്ധ പശ്ചാത്തലത്തിൽ ദുആയ്ക്കുള്ള ആഹ്വാനം.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ തിരുമനസ്സ് അയ്യദഹുല്ലാഹ് പറഞ്ഞു:

നബി തിരുമേനി(സ) യുടെ ജീവചരിത്രത്തെ കുറിച്ചുള്ള പരാമർശം നടന്നുകൊണ്ടിരിക്കുകയാണ്. നബി തിരുമേനി(സ) തന്റെ മകളോടും മകളുടെ ഭർത്താവിനോടും തഹജ്ജുദ് നമസ്കരിക്കുന്നതിനെ കുറിച്ച് ഉപദേശിച്ചതിനെ കുറിച്ച് നിവേദനങ്ങളിൽ പരാമർശമുണ്ട്. ബുഖാരിയിൽ ഹദ്റത് അലി നിവേദനം ചെയ്യുന്നു: ഒരു ദിവസം നബി തിരുമേനി (സ) അദ്ദേഹത്തിന്റെയും ഹദ്റത് ഫാത്തിമ(റ) യുടെയും വീട്ടിൽ വന്ന് നിങ്ങൾ തഹജ്ജുദ് നമസ്കരിക്കാറുണ്ടോ എന്ന് ചോദിച്ചു. അപ്പോൾ ഹദ്റത് അലി(റ) പറഞ്ഞു: നമ്മുടെ ജീവൻ അല്ലാഹുവിന്റെ കയ്യിലാണ്. അവൻ ഇച്ഛിക്കുമ്പോൾ നാം എഴുന്നേൽക്കുന്നു. നബി തിരുമേനി (സ) മറുപടി ഒന്നും പറയാതെ തിരിച്ച് പോകാൻ ഇറങ്ങി. തിരികെ പോകുന്ന സമയത്ത് നബി തിരുമേനി(സ) പറഞ്ഞു: മനുഷ്യൻ എല്ലാവരേക്കാളും കൂടുതൽ തർക്കിക്കുന്നവനാണ്.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു: ഒരു തവണ ഹദ്റത് അലി(റ) നബി തിരുമേനി(സ)യോട് പറഞ്ഞ ഒരു മറുപടിയിൽ തർക്കത്തിന്റെയും വാദപ്രതിവാദത്തിന്റെയും ധ്വനി ഉണ്ടായിരുന്നു. എന്നാൽ തിരുനബി(സ) കോപപ്പെടുകയോ നീരസപ്പെടുകയോ ചെയ്യാതെ എത്രത്തോളം യുക്തിപൂർവം അതിനെ കൈകാര്യം ചെയ്തുവെന്നാൽ ഹദ്റത് അലി അവസാനകാലം വരെ അതിന്റെ മാധുര്യം അനുഭവിച്ചിരിക്കാം. അദ്ദേഹം അതിൽ നിന്നും അനുഭവിച്ച ആനന്ദം അദ്ദേഹത്തിന്റെ. അവകാശമായിരുന്നു. എന്നാൽ ഇന്നും നബി തിരുമേനി(സ)യുടെ അനിഷ്ടപ്രകടന രീതി കണ്ട് സൂക്ഷ്മദൃക്കുകൾ അമ്പരന്നു പോകുന്നു. നബി തിരുമേനി പറഞ്ഞ മറുപടി വളരെ ഫലപ്രദമായിരുന്നു. ആരെങ്കിലും നൂറു തവണ ഈ കാര്യത്തെ കുറിച്ച് തർക്കിച്ചാലും നബി തിരുമേനി(സ)യുടെ മറുപടിയുടെ പത്തിലൊരംശം പോലും സ്വാധീനം ചെലുത്തുന്നതാവില്ല.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഈ ഹദീസിൽ നിന്ന് നമുക്ക് ഒരുപാട് കാര്യങ്ങൾ അറിയാനാകുന്നു. ഈ ഹദീസ് നബി തിരുമേനി(സ)യുടെ സ്വഭാവത്തിന്റെ. വിവിധ വശങ്ങളിലേക്ക് വെളിച്ചം വീശുന്നു. ഇവിടെ അക്കാര്യങ്ങൾ കൂടി പരാമർശിക്കുന്നത് ഉചിതമായിരിക്കും.

ആദ്യമായി നബി തിരുമേനി(സ) യുടെ ദീനീ ബോധം എത്രത്തോളമുണ്ടായിരുന്നു എന്ന് മനസ്സിലാകുന്നു. രാത്രി കാലങ്ങളിലും ഇറങ്ങി നടന്ന് തന്റെ ബന്ധുമിത്രാദികളുടെ കാര്യങ്ങൾ അന്വേഷിക്കുമായിരുന്നു. പല വ്യക്തികളും സ്വയം നൻമയുള്ളവരും ജനങ്ങൾക്ക് നൻമ ഉപദേശിക്കുന്നവരുമായിരിക്കും, എന്നാൽ അവരുടെ വീടിന്റെ അവസ്ഥ മോശമായിരിക്കും. സ്വന്തബന്ധങ്ങളുടെ ശിക്ഷണം എന്നത് ഉന്നതനിലവാരത്തിലുള്ള ഒരു ഗുണമാകുന്നു. നബി തിരുമേനി(സ)യിൽ ഈ ഗുണം ഇല്ലായിരുന്നു എങ്കിൽ നബി തിരുമേനി(സ)യുടെ ധാർമിക ഗുണങ്ങളിൽ വിലമതിക്കാനാകാത്ത ഒരു വശത്തിന്റെ കുറവ് ഉണ്ടായേനെ. എന്നാൽ നബി തിരുമേനി(സ) ഉന്നത ധാർമിക ഗുണങ്ങളിൽ വിരാജിച്ചിരുന്നതിനാൽ ഈ ഗുണവും ആ മഹാത്മാവിൽ വളരെയധികം ഉണ്ടായിരുന്നു.

ഈ ഹദീസിൽ നിന്നും മനസ്സിലാകുന്ന രണ്ടാമത്തെ കാര്യം എന്തെന്നാൽ നബി തിരുമേനി(സ)ക്ക് താൻ ലോകസമക്ഷം അവതരിപ്പിച്ച അധ്യാപനത്തിൽ പൂർണ വിശ്വാസമുണ്ടായിരുന്നു എന്നാണ്. അർദ്ധരാത്രി എഴുന്നേറ്റ് തിരുനബി(സ) അവിടെ ചെന്നതും തഹജ്ജുദ് നമസ്കരിക്കണം എന്ന് തന്റെ മകളോടും മരുമകനോടും ഉപദേശിച്ചതും സൂചിപ്പിക്കുന്നത് തിരുനബി(സ)ക്ക് താൻ ജനങ്ങൾക്ക് അവരെ നേർമാർഗത്തിലേക്ക് നയിക്കാനായി അവതരിപ്പിച്ച് കൊടുക്കുന്ന അധ്യാപനത്തിൽ പൂർണ വിശ്വാസം ഉണ്ടായിരുന്നു എന്നാണ്. മറിച്ചായിരുന്നെങ്കിൽ, അതായത് ഒരു കറ്റു കെട്ടുകാരൻ ആയിരുന്നു എങ്കിൽ ആ അധ്യാപനത്തെ പിന്തുടരുന്നതും അല്ലാത്തതും ഒരുപോലെയാണെന്ന് കരുതുകയും തന്റെ മകളെ അത്തരം സ്വകാര്യസമയത്ത് ചെന്ന് ആ അധ്യാപനം നടപ്പിൽ വരുത്താൻ ഉപദേശിക്കുകയും ചെയ്യുമായിരുന്നില്ല.

ഈ ഹദീസിൽ നിന്നും മനസ്സിലാകുന്ന മൂന്നാമത്തെ കാര്യം എന്തെന്നാൽ തിരുനബി(സ) ഓരോ കാര്യവും പറഞ്ഞു മനസ്സിലാക്കി കൊടുക്കുമ്പോൾ വളരെയധികം ക്ഷമ കൈക്കൊണ്ടിരുന്നു എന്നാണ്. കലഹിക്കാതെ സ്നേഹവാത്സല്യങ്ങളോടെ ഒരാളെ അയാളുടെ തെറ്റിനെ കുറിച്ച് ഉണർത്തുമായിരുന്നു. അങ്ങനെ ഹദ്റത് അലി(റ) പറയുന്നു; ഞാൻ പിന്നീടൊരിക്കലും തഹജ്ജുദിൽ വീഴ്ച വരുത്തിയിട്ടില്ല.

ഹുസൂർ തിരുമനസ്സ് പറയുന്നു: ആയതിനാൽ ഈ ഒരു സംഭവം തഹജ്ജുദ് നമസ്കാരത്തിലേക്ക് നമ്മുടെ

ശ്രദ്ധ തിരിയാൻ വേണ്ടി നാം ഓർത്തിരിക്കേണ്ടതാണ്. മുറബ്ബിമാരും വഖ്ഫെ സിന്ദഗികളും ഭാരവാഹികളും ഈ ഭാഗത്തേക്ക് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വലിച്ചടുപ്പിക്കുന്നത് രാത്രികാലങ്ങളിലുള്ള ദുആകൾ തന്നെയാണ്. ലോകം ഇന്ന് നേരിടുന്ന വിനാശത്തിൽ നിന്നും രക്ഷ പ്രാപിക്കണമെങ്കിൽ പ്രത്യേകമായ നിലയിൽ ഇതിന്റെ ആവശ്യമുണ്ട്.

അടുത്ത വിവരണം ലഭിക്കുന്നത് ബനൂ ഖൈനുഖ യുദ്ധത്തിന്റെ സംഭവവികാസങ്ങളെ കുറിച്ചാണ്. അത് ഹിജ്റ രണ്ടാം വർഷമാണ് നടന്നത്. ഇസ്‌ലാമിന്റെ വരവോടെ ഔസ് ഖസ്റജ് ഗോത്രങ്ങൾ പഴയ ശത്രുതകൾ മറന്ന് ഒന്നിക്കുകയുണ്ടായി. എന്നാൽ യഹൂദികൾക്ക് ഇത് ഇഷ്ടപ്പെട്ടില്ല. അവർ പലതരം ഗൂഢാലോചനകളിലൂടെ വീണ്ടും ഇവരെ തമ്മിലടിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഇത്തരം ഒരു ഗൂഢാലോചനയുടെ ഫലമായി ഒരു നാൾ ഔസ് ഖസ്റജ് ഗോത്രങ്ങൾ തമ്മിൽ തർക്കവും വാഗ്വാദങ്ങളും എത്രത്തോളം രൂക്ഷമായി എന്നാൽ യുദ്ധത്തിനുള്ള തയാറെടുപ്പുകൾ വരെ നടന്നു. ബദ്ർ യുദ്ധത്തിൽ അല്ലാഹു മുസ്‌ലിംകൾക്ക് മഹത്തായ വിജയം പ്രദാനം ചെയ്തപ്പോൾ യഹൂദികളുടെ ധിക്കാരങ്ങൾ പ്രകടമാകുകയുണ്ടായി. യഹൂദികളുടെ മൂന്ന് ഗോത്രങ്ങളിൽ വെച്ച് ഏറ്റവുമാദ്യം ഉടമ്പടി ലംഘിച്ചതും വിശ്വാസവഞ്ചന കാണിച്ചതും ബനൂ ഖൈനുഖായിലെ ജൂതന്മാരായിരുന്നു. ഇവരുടെ ധിക്കാര നടപടികളെ കുറിച്ച് ഒരു സംഭവം ഇപ്രകാരമാണ്: ഒരിക്കൽ ഒരു മുസ്‌ലിം സ്ത്രീ ബനൂ ഖൈൻഖായുടെ ചന്തയിൽ പോയപ്പോൾ അവിടെ ഉണ്ടായിരുന്ന ചില ദുർഭഗർ അവരെ ശല്യം ചെയ്തു. അവരുടെ നീചപ്രവൃത്തി കാരണം ആ നിഷ്കളങ്കയായ സ്ത്രീ വിവസ്ത്രയാവുകയും ചെയ്തു. ഈ സംഭവം നടക്കുന്ന സമയത്ത് ആ വഴി ഒരു മുസ്‌ലിം വ്യക്തി നടന്നുപോകുന്നുണ്ടായിരുന്നു. ഈ നീചകൃത്യം കണ്ടപ്പോൾ അദ്ദേഹം പ്രത്യാക്രമണം ചെയ്യുകയും ഒരു ദുർഭഗനായ യഹൂദിയെ കൊലപ്പെടുത്തുകയും ചെയ്തു. ഇത് കണ്ട മറ്റു യഹൂദികൾ അദ്ദേഹത്തിന് മേൽ ചാടി വീണ് അദ്ദേഹത്തെ വധിച്ചു. ഈ കാര്യം നബി തിരുമേനി(സ) അറിഞ്ഞപ്പോൾ അദ്ദേഹം യഹൂദികളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. എന്നാൽ അവർ തങ്ങളുടെ തെറ്റ് മനസ്സിലാക്കുന്നതിന് പകരം മുസ്‌ലിംകളെ ഭീഷണിപ്പെടുത്താൻ തുടങ്ങി. അതിന് ശേഷം യഹൂദികൾ കോട്ടയിൽ കയറി വാതിലുകൾ അടച്ചു. നബി തിരുമേനി(സ) അവരുടെ കോട്ടയിലേക്ക് സൈന്യവുമായി പുറപ്പെട്ടു. അദ്ദേഹം ബനൂ ഖൈൻഖായെ കോട്ട വളഞ്ഞ് പതിനഞ്ചു ദിവസം ഉപരോധിച്ചു. ഈ ഉപരോധം താങ്ങാൻ കഴിയാതെ യഹൂദികൾ തങ്ങൾ എന്നെന്നേക്കുമായി മദീന വിട്ടു പൊയ്ക്കൊള്ളാം എന്ന് നബിതിരുമേനി(സ)യോട് അപേക്ഷിച്ചു. നബിതിരുമേനി(സ) യഹൂദികളുടെ ഈ അപേക്ഷ സ്വീകരിക്കുകയും ബനൂ ഖൈൻഖായോട് മദീന വിട്ടു പോകാൻ കൽപിക്കുകയും ചെയ്തു.

എപ്പോഴാണ് ബനൂ ഖൈൻഖാ യുദ്ധം നടന്നത് എന്നതിനെ കുറിച്ച് ചില അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ട്. വാഖദിയും ഇബ്നു സഅദും രണ്ടാം ഹിജ്‌രി ശവ്വാൽ മാസമാണ് എന്ന് പറയുന്നു. രണ്ടാം ഹിജ്‌രി ദിൽ ഹിജ്ജ മാസത്തിലെ ആരംഭത്തിൽ നടന്ന സവീഖ് യുദ്ധത്തിന് ശേഷമാണ് ഈ യുദ്ധം നടന്നത് എന്നാണ് ഇബ്നെ ഇസ്ഹാഖും ഇബ്നെ ഹിശാമും പറയുന്നത്. ഹദ്‌റത് ഫാത്തിമയുടെ വിവാഹത്തിന് ശേഷമാണു ബനൂ ഖൈനുഖ യുദ്ധം നടന്നത് എന്ന് ഹദീസിലെ ഒരു നിവേദനത്തിൽ നിന്ന് സൂചന ലഭിക്കുന്നുണ്ട്.

ഈ വിവരണങ്ങൾ ഇനിയും തുടരുന്നതാണ് എന്ന് പറഞ്ഞതിന് ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇപ്പോഴത്തെ അവസ്ഥകളെ പരിഗണിച്ച് കൊണ്ട് എല്ലാവരും ദുആ ചെയ്യേണ്ടതാണ്. ഹമാസിന്റെയും ഇസ്രായേലിന്റെയും ഇടയിൽ നടക്കുന്ന യുദ്ധത്തിൽ സ്ത്രീകളും കുട്ടികളും അടക്കം നിരപരാധികളായ ഫലസ്തീനികളുടെ ശഹാദത്തിന്റെ എണ്ണം വർധിച്ച് വരുകയാണ്. യുദ്ധത്തിന്റെന തീവ്രത വർധിച്ച് വരുന്ന സാഹചര്യത്തിൽ ഇസ്രയേലും ലോകത്തിലെ വലിയ ശക്തികളും സ്വീകരിക്കുന്ന നയത്തിന്റെ ഫലമായി ലോകമഹായുദ്ധം കൺമുന്നിലുള്ളത് പോലെയാണ്. ചില ഇസ്‌ലാമിക രാജ്യങ്ങളുടെ ഭരണാധികാരികളും റഷ്യയും ചൈനയും ചില പാശ്ചാത്യ നിരീക്ഷകരും ഇപ്പോൾ വ്യക്തമായും പറയുകയും എഴുതുകയും ചെയ്യുന്നത് ഈ യുദ്ധം കൂടുതൽ സ്ഥലങ്ങളിലേക്ക് പടർന്നുകൊണ്ടിരിക്കുകയാണ്, അതിനാൽ ഉടനെ തന്നെ യുദ്ധം നിർത്തലാക്കിയില്ലെങ്കിൽ ലോകം നശിക്കുന്നതിലേക്ക് കാര്യങ്ങൾ നീങ്ങുന്നതാണ് എന്നാണ്. എല്ലാ കാര്യങ്ങളും വാർത്തകളിൽ വരുന്നുണ്ട്. നിങ്ങളുടെ എല്ലാവരുടെ മുന്നിലും എല്ലാ സ്ഥിതിവിശേഷങ്ങളും ഉണ്ട്. അതിനാൽ അഹ്മദികൾ ദുആകളിൽ ഊന്നൽ നൽകേണ്ടതാണ്. വെറുതെ ഇരിക്കരുത്. ഓരോ നമസ്കാരത്തിലും കുറഞ്ഞത് ഒരു സുജൂദ് അല്ലെങ്കിൽ ഏതെങ്കിലും ഒരു നമസ്കാരത്തിൽ ഒരു സുജൂദ് എങ്കിലും ഇതിനു വേണ്ടി ദുആ ചെയ്യാനായി മാറ്റിവെക്കേണ്ടതാണ്. പാശ്ചാത്യ രാഷ്ട്രത്തലവന്മാർ, അത് ഏത് രാജ്യത്തെ രാഷ്ട്രത്തലവൻ ആയാലും ഈ കാര്യത്തിൽ നീതി പാലിക്കാൻ ആഗ്രഹിക്കുന്നില്ല. ഏത് രാജ്യത്തെ രാഷ്ട്രത്തലവനാണ് നല്ലത് , ആരാണ് നല്ലതല്ലാത്തത് എന്നീ തർക്കങ്ങളിൽ അഹ്മദികൾ ഇടപെടേണ്ട കാര്യമില്ല. ആരെങ്കിലും ധൈര്യം കാണിച്ച് യുദ്ധം നിർത്തലാക്കാനുള്ള ശ്രമം നടത്താത്തത് വരെ അവർ ലോകത്തെ നാശത്തിലേക്ക് തള്ളിവിടുന്നതിന്റെ ഉത്തരവാദിയാണ്. ദുആ ചെയ്യുന്നതോടൊപ്പം നിങ്ങൾ നിങ്ങളുടെ ചുറ്റുപാടിൽ അക്രമം തടയാനുള്ള പ്രചാരണവും നടത്തു ക. ഏതെങ്കിലും അഹ്മദിക്ക് എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ അവരെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുക.

ഹമാസ് ഞങ്ങളുടെ നിരപരാധികളായ പൗരൻമാരെ വധിച്ച കാരണത്താൽ ഞങ്ങൾ പ്രതികാരം ചെയ്യും എന്നാണ് ഇസ്രായേൽ പറയുന്നത്. എന്നാൽ ഈ പ്രതികാരം ഇപ്പോൾ എല്ലാ സീമകളും ലംഘിച്ചിരിക്കുന്നു. ഇസ്രായേലി ജനങ്ങളുടെ ജീവന് നഷ്ടം സംഭവിച്ചതിനേക്കാൾ നാലോ അഞ്ചോ ഇരട്ടി ഫലസ്തീനിലെ നിരപരാധികളായ ജനങ്ങളുടെ ജീവൻ നഷ്ട

മായിട്ടുണ്ട്. ഹമാസിനെ ഇല്ലാതാക്കുകയാണ് ലക്ഷ്യ മെങ്കിൽ അവരോടാണ് യുദ്ധം ചെയ്യേണ്ടത്. സ്ത്രീ കളെയും കുട്ടികളെയും എന്തിനാണ് ഇരയാക്കുന്നത്. മാത്രമല്ല വെള്ളം ഭക്ഷണം ചികിത്സ എന്നിവയും തടഞ്ഞു വെച്ചിരിക്കുകയാണ്. മനുഷ്യാവകാശങ്ങൾ യുദ്ധ നിയമങ്ങൾ എന്നിവയെ കുറിച്ചുള്ള ഈ ഭരണ കൂടങ്ങളുടെ വാദങ്ങൾ എല്ലാം അവർ കാറ്റിൽ പറത്തു കയാണ്. ഇതിനെ കുറിച്ച് അവബോധമുണ്ടാകണം എന്ന് ചിലർ പറയുന്നുമുണ്ട്. യുദ്ധം ചെയ്യുകയാണെങ്കിൽ യുദ്ധ നിയമങ്ങൾ അനുസരിച്ച് യുദ്ധം ചെയ്യേണ്ട താണ്, നിരപരാധികളായ ജനങ്ങൾക്ക് നേരെ അതി ക്രമം പ്രവർത്തിക്കരുത് എന്ന് മുൻ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമ കുറച്ച് ദിവസം മുൻപ് പറഞ്ഞിരുന്നു. ഐക്യരാഷ്ട്ര സഭയുടെ സെക്രട്ടറി ജനറലും പറഞ്ഞിരുന്നു. ഇത് കേട്ട് ഇസ്രായേലി സർക്കാർ അലമുറയിട്ടു. അപ്പോൾ സമാധാനത്തിന്റെ വക്താക്കളാണെന്ന് സ്വയം നടിക്കുന്നവർ ഐക്യ രാഷ്ട്ര സഭയുടെ സെക്രട്ടറി ജനറലിനെ പിന്തുണച്ചില്ല എന്ന് മാത്രമല്ല നീരസം പ്രകടിപ്പിക്കുകയും ചെയ്തു. എന്തായാലും സ്ഥിഗതികൾ ഗുരുതരമായിക്കൊണ്ടി രിക്കുകയാണ്. കൂടുതൽ അപകടകരമായ അവ സ്ഥയിലേക്ക് നീങ്ങികൊണ്ടിരിക്കുകയും ചെയ്യുകയാണ്. പാശ്ചാത്യ മാധ്യമങ്ങൾ ഒരു ഭാഗത്തുള്ള വാർത്തകൾ മാത്രം ഊതിപ്പെരുപ്പിച്ച് കാണിക്കുന്നു. മറുഭാഗത്തുള്ള വാർത്തകൾ ഒരു മൂലയിൽ ഒതുക്കുന്നു. ഉദാഹരണത്തിന് ഹമാസിന്റെ ബന്ദിയായി സ്വതന്ത്രയായ ഒരു സ്ത്രീ പറഞ്ഞത് തടവിൽ എന്നോട് വളരെ നല്ല നില യിലായിരുന്നു പെരുമാറ്റം ഉണ്ടായിരുന്നത് എന്നാണ്. ആ വാർത്ത ഒരു കോണിൽ നൽകി. എന്നാൽ ഹമാസിന്റെ തടവ് ഒരു നരകമായിരുന്നു എന്ന മറ്റൊരു വാർത്ത വലിയ വാർത്തയായി അവർ നൽകി. എല്ലാ അവസ്ഥയും അവതരിപ്പിക്കുക എന്നതാണ് നീതി. എന്തായാലും നാം ഈ സാഹചര്യത്തിൽ വളരെയധികം ദുആയിൽ ഊന്നൽ നൽകണം. തന്താങ്ങളുടെ വലയത്തിൽ ദുആയോടൊപ്പം അതിക്രമങ്ങൾ അവ സാനിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യുക. പീഢി തരായ മുസ്‌ലിംകൾക്ക് വേണ്ടി ദുആ ചെയ്യുക. ഒരു സമഗ്രവും ഫലപ്രദവും ദീർഘകാലത്തേക്ക് സ്വാധീനം ചെലുത്തുന്നതുമായ ഒരു പദ്ധതി ആസൂത്രണം ചെയ്യാനുള്ള കഴിവ് മുസ്‌ലിം ഭരണകൂടങ്ങൾക്ക് ഉണ്ടാകുന്നതിന് വേണ്ടിയും ദുആ ചെയ്യണം. മുസ് ലിംകളുടെ പ്രയാസം ദൂരീകരിക്കാൻ നമ്മൾ പ്രത്യേകം ഹൃദയവേദനയുള്ളവരായിരിക്കണം. നമ്മൾ ഹദ്റത് മസീഹ് മൗഊദ്(അ)നെ അംഗീകരിക്കുന്നവരാണ്. അദ്ദേഹത്തിന് മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന് പ്രയാ സങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടും ഒരു ഫാർസി കവിതയിൽ തന്റെ മനോവികാരം ഇപ്രകാരമാണ് അദ്ദേഹം പ്ര കടിപ്പിച്ചത്: പറയുന്നു: അല്ലയോ ഹൃദയമേ നീ ഇക്കൂ ട്ടരെ മാനിച്ചാലും, എന്തെന്നാൽ ഒടുക്കം അവർ എന്റെ നബിയെ സ്നേഹിക്കുന്നവർ ആണെന്ന് വാദിക്കുന്നവർ ആണല്ലോ. ആയതിനാൽ നബി തിരുമേനി(സ) യോടുള്ള സ്നേഹം നമ്മോട് ആവശ്യപ്പെടുന്നത് മുസ്‌ലിംകൾക്ക് വേണ്ടി നാം പ്രത്യേകം ദുആ ചെയ്യ ണമെന്നാണ്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ - عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَآءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ -


Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 27-10-2023
Malayalam Translation: **Moulavi P.M.Wasim Ahmad,Chelakkara** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516